# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *101

10 .08.2017-ൽ
മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർരാധാകൃഷ്ണൻ<br>,, അടൂർ പ്രകാശ്<br>,, പി.ടി. തോമസ്<br>,, വി.എസ്.ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ 123/എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും, പീരിയോഡിക്കൽ പരിശോധന നടത്തുവാനും, ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഏതെങ്കിലും ഉദ്യോഗസ്ഥൻ കൈക്കൂലി/ പാരിതോഷികം ആവശ്യപ്പെടുന്ന പക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ, ജില്ലാ കളക്ടറേറ്റിന്റെയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെയും സെക്രട്ടറിയേറ്റിന്റെയും മന്ത്രി ഓഫീസിന്റെയും ഫോൺ നമ്പരുകൾ മുൻഗണനാ ക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവർത്തികൾ തടയുന്നതിനും |

സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം അടിസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ & വിജിലൻസ് എന്ന് നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ, വകുപ്പു മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു വരുന്നു. റവന്യൂ സംബന്ധമായ നിയമങ്ങളിൽ ജീവനക്കാർക്ക് കൃത്യമായ അറിവ് നൽകുന്നതിനും പെരുമാറ്റ മാറ്റത്തിനു പ്രേരണയാകുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ (ഐ. എൽ. ഡി. എം) നേതൃത്വത്തിൽ പരിശീലന പരിപാടി വിപുലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) വില്ലേജാഫീസുകളിൽ എത്തുന്ന പൊതുജനങ്ങളോടുള്ള ജീവനക്കാരുടെ പെരുമാറ്റം മാന്യമല്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) റവന്യൂ വകുപ്പിലെ ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥരുടെ പെരുമാറ്റം മാന്യമല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കോഴിക്കോട് ചെമ്പനോട വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യ ചെയ്തത് ജീവനക്കാരുടെ മനുഷ്യത്വരഹിതമായ പെരുമാറ്റത്തെത്തുടർന്നാണെന്ന ആരോപണമുണ്ടോ; | (സി) ഉണ്ട്. ചെമ്പനോട വില്ലേജിലെ കർഷക ആത്മഹത്യയെ തുടർന്ന് മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. സിലീഷ് തോമസിനേയും വില്ലേജ് ഓഫീസർ ശ്രീ. സണ്ണി ടി. എ.-യേയും കോഴിക്കോട് ജില്ലാ കളക്ടർ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും |

എങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

മേൽ വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായി ശ്രീ.കൃഷ്ണൻകുട്ടി.പി.പി. ഡെപ്യൂട്ടി കളക്ടർ (എൽ. ആർ) കോഴിക്കോടിനെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ, കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് തഹസിൽദാരായ ശ്രീമതി. എൻ. റംലയ്ക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതുമാണ്.

(ഡി) ആത്മഹത്യ ചെയ്ത കർഷകൻ ജോയിയുടെ കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനും കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) 21/06/2017-ന് കോഴിക്കോട്, ചെമ്പനോട് വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയായ 13,16,856/- രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ 3,31,346/- രൂപയും) ആകെ 16,48,202/-രൂപ (പതിനാറ് ലക്ഷത്തിനാൽപ്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് 13/07/2017-ലെ ജി. ഒ. (എം. എസ്) 230/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ